ശ്രീമതി കെ. ആർ. ഗൗരി: ഫിസിക്കൽ ടാർജറ്റ് നോക്കിയിട്ടില്ല എന്ന് പറഞ്ഞു. പണം 117 ശതമാനം ചെലവഴിച്ചു എന്നു പറയുകയും ചെയ്തു. ആറാം പഞ്ചവൽസര പദ്ധതിയിൽ തീരേണ്ടിയിരുന്ന മിക്കവാറും എല്ലാ പദ്ധതികളും 7-ാം പദ്ധതിയിലേക്ക് നീട്ടിയിരിക്കുകയാണ്. തീർന്ന ഏതെങ്കിലും പദ്ധതികൾ അങ്ങേക്ക് പറയാൻ കഴിയുമോ?

ശ്രീ. കെ. കരുണാകരൻ: പോസിറ്റീവായിട്ട് തീർന്ന പദ്ധതികളുടെ രേഖ എന്റെ കൈവശം ഇല്ല.

ശ്രീ. സി. ടി. കൃഷ്ണൻ: ആറാം പദ്ധതിക്കാലത്ത് കാർഷിക മേഖലയ്ക്കുവേണ്ടി കിട്ടിയ കേന്ദ്രവിഹിതം എത്രയാണെന്നും അതിന്റെ ഫലമായിട്ടുള്ള നേട്ടം എത്രയാണെന്നും വ്യക്തമാക്കാമോ?

ശ്രീ. കെ. കരുണാകരൻ: വിശദവിവരം ഇപ്പോഴില്ല. ബഹുമാനപ്പെട്ട മെമ്പർമാർക്ക് തന്നിട്ടുള്ളതാണ്.

ശ്രീ. സി. ടി. കൃഷ്ണൻ: ആറാം പദ്ധതിക്ക് രൂപം നൽകുമ്പോൾ ഇടതുപക്ഷജനാധിപത്യമുന്നണിയായിരുന്നു ഇവിടെ ഭരിച്ചിരുന്നത്. ആ ഗവൺമെന്റ് കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി വാങ്ങിയ സംഖ്യയേക്കാൾ ഇപ്പോൾ ഭരിക്കുന്ന ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിന് (രൂപയുടെ ഇപ്പോഴത്തെ മൂല്യശോഷണം കണക്കിലെടുത്തു) സ്വാധീനം ചെലുത്താനുള്ള കഴിവ് കണക്കിലെടുത്തു 7-ാം പദ്ധതികാലത്തു കേന്ദ്രത്തിൽനിന്നും എത്രകോടി രൂപ അധികമായി പദ്ധതിവിഹിതം നേടിയെടുക്കാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. കരുണാകരൻ: കൂടുതൽ വന്ന സംഖ്യ കേന്ദ്രത്തിൽ നിന്നാണ് നമ്മൾ വാങ്ങിച്ചിട്ടുള്ളത്.

ശ്രീ. ഇ. കെ. നായനാർ: ഇവിടെ പറയുന്ന ഉത്തരങ്ങൾ പലതും ശരിയല്ല. 7-ാം പദ്ധതി 6-ാം പദ്ധതിയുടെ സപ്പിള്ളോവറാണെന്ന് ഗവർണ്ണറുടെ പ്രസംഗത്തിൽത്തന്നെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയും വ്യക്തമാക്കിയിട്ടുണ്ട്. ആറാം പദ്ധതിയിൽ ഏതെങ്കിലുമൊന്ന് പൂർത്തിയാക്കിയിട്ടുണ്ടായെന്ന് ചോദിച്ചാൽ മുഖ്യമന്ത്രിക്ക് ഇപ്പോൾ പറയാൻ ആവില്ല. ആറാം പദ്ധതിയിൽ ഒന്നുംതന്നെ പൂർത്തിയാക്കിയിട്ടില്ല. ആറാം പദ്ധതിയുടെ സപ്പിള്ളോവറല്ലേ 7-ാം പദ്ധതി?

ശ്രീ. കെ. കരുണാകരൻ: സപ്പിള്ളോവർ ആണെന്ന് ആദ്യംതന്നെ പറഞ്ഞുകഴിഞ്ഞു.

സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ ഘടനയും പ്രവർത്തനരീതിയും

* 116 [118] ശ്രീ. കെ. പുരുഷോത്തമൻ:
,, ടി. കെ. ഹംസ:
,, എസ്. ഗോവിന്ദക്കുറുപ്പ്:
,, കെ. പി. പ്രഭാകരൻ:
ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ ഘടനയിലും പ്രവർത്തന രീതിയിലും മാറ്റം വരുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;,

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാന പ്ലാനിംഗ് ബോർഡ് പുനഃസംഘടിപ്പിക്കുന്നതിനെ സംബന്ധിച്ച് വല്ല നിർദ്ദേശവും ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) ഇപ്പോഴില്ല.

(ബി) തൽക്കാലം ഇല്ല.

(സി) ഉദിക്കുന്നില്ല.

ശ്രീ. ടി. കെ. ഹംസ: സർ, നിലവിലിരിക്കുന്ന ബഡ്ജറിനെ സംബന്ധിച്ച് പ്ലാനിംഗ് ബോർഡ് അംഗം ഡോ. പി. കെ. ഗോപാലകൃഷ്ണൻ ചില ഭിന്നാഭിപ്രായങ്ങൾ പ്രകടിപ്പിച്ചിരുന്നു. ആ വിദഗ്ദ്ധാഭിപ്രായങ്ങൾ സ്വീകരിക്കാൻ പുതിയ ധനകാര്യമന്ത്രിയുടെ വരവോടുകൂടി ബഡ്ജറിൽ വല്ല മാറ്റവും വരുത്തുവാൻ ആലോചിക്കുന്നുണ്ടോ?

ശ്രീ. കെ. കരുണാകരൻ: സർ, ബഹുമാനപ്പെട്ട ഗോപാലകൃഷ്ണൻ സാമ്പത്തിക കാര്യങ്ങളിൽ അഭിപ്രായം പറയാറുള്ള ഒരാളാണ്. അദ്ദേഹം അദ്ദേഹത്തിന്റെ അഭിപ്രായം പറഞ്ഞിട്ടുണ്ട്. അതനുസരിച്ച് ബഡ്ജറിൽ മാറ്റങ്ങളൊന്നും വരുത്തുന്നില്ല.

ശ്രീ. ടി. കെ. ഹംസ: സർ, പ്ലാനിംഗ് ബോർഡ് പുനഃസംഘടിപ്പിക്കണമെന്ന് ഏതെങ്കിലും ഘടകകക്ഷികൾ ആവശ്യപ്പെട്ടിട്ടുണ്ടോ? അങ്ങനെ വല്ല നിർദ്ദേശവും ഗവൺമെന്റിന്റെ മുമ്പിലുണ്ടോ?

ശ്രീ. കെ. കരുണാകരൻ: ഇല്ല.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: സർ, കേരളാകോൺഗ്രസ്സിന്റെ കോട്ടയത്തുകൂടിയ സംസ്ഥാനകമ്മിറ്റി, പ്ലാനിംഗ് ബോർഡ് പുനഃസംഘടിപ്പിക്കണമെന്നും ഡോ. പി. കെ. ഗോപാലകൃഷ്ണനെപ്പോലെയുള്ള സാമ്പത്തിക വിദഗ്ദ്ധന്മാരല്ലാത്ത ആളുകളെ ഒഴിവാക്കണമെന്നും പരസ്യമായി ആവശ്യപ്പെട്ടുകൊണ്ട് എല്ലാ പത്രങ്ങളിലും വാർത്ത പ്രസിദ്ധീകരിച്ചത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചോ?

ശ്രീ. കെ. കരുണാകരൻ: സർ, അങ്ങനെയുള്ള യാതൊരു നിവേദനമോ നിർദ്ദേശമോ ഒന്നുംതന്നെ ഗവൺമെന്റിന് കിട്ടിയിട്ടില്ല.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: സർ, ഈ പ്ലാനിംഗ് ബോർഡ് പല സമിതികളായി സംഘടിപ്പിച്ചിരിക്കുകയാണ്. അതിൽ ഏതെങ്കിലും സമിതികളുടെ റിപ്പോർട്ടുകൾ ഗവൺമെന്റ് ഗൗരവമായി എടുക്കുന്നുണ്ടോ? ഉണ്ടെങ്കിൽ സാമ്പത്തിക കാര്യങ്ങളെസംബന്ധിച്ച് സമിതി ഏതെങ്കിലും നിർദ്ദേശം സമർപ്പിച്ചത് ഗവൺമെന്റ് പരിഗണിക്കാതെയാണോ ബഡ്ജറ്റ് കഴിഞ്ഞ പ്രാവശ്യം സമർപ്പിച്ചത്?

ശ്രീ. കെ. കരുണാകരൻ: സർ, പ്ലാനിംഗ് ബോർഡ് അത്യാവശ്യമായ മേഖലകളിൽ ചെയ്യേണ്ട കാര്യങ്ങളെസംബന്ധിച്ച് നിർദ്ദേശം വച്ചിട്ടുണ്ട്. അതുപോലെതന്നെ സാമ്പത്തിക വരുമാനം ഉണ്ടാക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

കാര്യത്തിൽ അവരുടേതായ വിദഗ്ദ്ധമായ അഭിപ്രായവും തന്നിട്ടുണ്ട്. ഇതെല്ലാം പരിശോധിച്ചതിനുശേഷമാണ് സംസ്ഥാനഗവൺമെന്റിന്റെ പ്ലാൻ തയ്യാറാക്കി കേന്ദ്രത്തിന് സമർപ്പിച്ചത്. കേന്ദ്ര പ്ലാനിംഗ് കമ്മീഷൻ ആ പ്ലാൻ അംഗീകരിക്കുന്നത് എല്ലാ സാഹചര്യങ്ങളും കണക്കിലെടുത്തശേഷമാണ്. നമ്മുടെ റിസോഴ്സസ് ഒരു പ്രധാനപ്പെട്ട ഘടകമാണ്.

ശ്രീ. കെ. പി. പ്രഭാകരൻ: സർ, പ്ലാനിംഗ് ബോർഡ് മെമ്പർമാർക്ക് ഗവൺമെന്റിന്റെ സാമ്പത്തിക പരിപാടികളെ പരസ്യമായി വിമർശിക്കാനുള്ള സ്വാതന്ത്ര്യമുണ്ടോ?

ശ്രീ. കെ. കരുണാകരൻ: സർ, പ്ലാനിംഗ് ബോർഡിൽ ഔദ്യോഗിക മെമ്പർമാരും അനൗദ്യോഗിക മെമ്പർമാരും ഉണ്ട്. അനൗദ്യോഗിക മെമ്പർമാർക്ക് സ്വതന്ത്രമായി അഭിപ്രായം പറയാവുന്നതാണ്.

ശ്രീ. കെ. പി. പ്രഭാകരൻ: സർ, ഔദ്യോഗിക മെമ്പർമാർ ആരാണ് അനൗദ്യോഗിക മെമ്പർമാർ ആരാണ് എന്നൊക്കെ വ്യക്തമാക്കാമോ?

ശ്രീ. കെ. കരുണാകരൻ: സർ, ഡോ. ഗോപാലകൃഷ്ണനെ ഉദ്ദേശിച്ചാണെങ്കിൽ അദ്ദേഹം അനൗദ്യോഗിക മെമ്പറാണ്.

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: നമ്മുടെ സംസ്ഥാനത്തെ രൂക്ഷമായ തൊഴിലില്ലായ്മയും പട്ടിണിയും നേരിടുന്നതിന് എന്തെങ്കിലും ക്രിയാത്മകമായ നിർദ്ദേശങ്ങൾ സമർപ്പിക്കണമെന്ന് നമ്മുടെ സർക്കാർ പ്ലാനിംഗ് ബോർഡിനോടാവശ്യപ്പെട്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ എന്താണ് ആ നിർദ്ദേശങ്ങൾ എന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. കരുണാകരൻ: ആ നിർദ്ദേശത്തിന്റെ കോപ്പി എല്ലാ മെമ്പർമാർക്കും അയച്ചിട്ടുണ്ട്.

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: സർ, സംസ്ഥാന സർക്കാർ കേന്ദ്ര ഗവൺമെന്റിന് നിർദ്ദേശങ്ങൾ സമർപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കേന്ദ്രഗവൺമെന്റിന്റെ എന്തെങ്കിലും സഹായം ലഭ്യമാകുകയും ചെയ്തിട്ടുണ്ടോ?

ശ്രീ. കെ. കരുണാകരൻ: സർ, പ്ലാനിനെ സംബന്ധിച്ചിടത്തോളം പ്ലാനിന് അനുവദിക്കേണ്ട തുക എത്രയാണ് അടിസ്ഥാനത്തിലാണെന്നുള്ള കാര്യം തീരുമാനിച്ച് പ്ലാനിംഗ് കമ്മീഷനെ അറിയിച്ചുകഴിഞ്ഞാൽ സംസ്ഥാനഗവൺമെന്റ് പ്ലാനിംഗ് കമ്മീഷനുമായിട്ടാണ് ഡിസ്കസ് ചെയ്യുന്നത്. പ്ലാനിംഗ് കമ്മീഷനുമായിട്ട് ഡിസ്കസ് ചെയ്യുമ്പോൾ ഓരോ ഇനവും അവരുടെ വർക്കിംഗ് ഗ്രൂപ്പ് പരിശോധിച്ച് അതിന്റെ സാദ്ധ്യതകളും വിലയിരുത്തിയശേഷം നിശ്ചയിക്കുന്ന സംഖ്യ, നമ്മുടെ സ്റ്റേറ്റിന്റെ വരുമാനവും കേന്ദ്രത്തിന്റെ വിഹിതവും മൊത്തത്തിൽ കണക്കിലെടുത്തുകൊണ്ട് വീതിക്കുകയാണ്.

ശ്രീ. ഇ. കെ. നായനാർ: സർ, പ്ലാനിംഗ് ബോർഡിന്റെ സ്ഥിരമായ ചെയർമാൻ ചീഫ് മിനിസ്റ്ററാണ്. സ്ഥിരമായി പ്രവർത്തിക്കുന്ന ഈ ബോർഡിൽ കമ്മിറ്റി മെമ്പർമാരും ചെയർമാനും ഉണ്ടാകണമെന്നാണ് വച്ചിട്ടുള്ളത്. കുറെക്കാലമായി ഈ ബോർഡിൽ സ്ഥിരമായി

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തിക്കുന്ന ചെയർമാൻ ഉണ്ടോ? ഇല്ലെങ്കിൽ എന്തുകൊണ്ട് അങ്ങനെ ഉണ്ടായില്ല? ഈ കാര്യങ്ങളെ സംബന്ധിച്ച് ഒരു വിശദീകരണം നൽകുമോ?

ശ്രീ. കെ. കരുണാകരൻ: സർ, പ്ലാനിംഗ് ബോർഡിന് സ്ഥിരമായി ചെയർമാൻ ഉണ്ട്. എന്നാൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഉദ്ദേശിച്ചത് വൈസ് ചെയർമാൻ ആണെങ്കിൽ ആ സ്ഥാനം ഇപ്പോഴും ഒഴിവുണ്ട്. പ്ലാൻ തയ്യാറാക്കി സമർപ്പിക്കുന്നതുവരെ വൈസ് ചെയർമാൻ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ അനാരോഗ്യംമൂലം രാജി വച്ചിരിക്കുകയാണ്. ഒരു പുതിയ വൈസ് ചെയർമാൻ ഇല്ലാത്തതായ ബുദ്ധിമുട്ട് ഇന്ന് പ്ലാനിംഗ് ബോർഡിനില്ലാത്തതുകൊണ്ട് നിയമിച്ചിട്ടില്ല. എങ്കിലും വളരെ താമസിയാതെ അതിനു യോഗ്യനായ ഒരാളെ കണ്ടെത്തി നിയമിക്കുന്നതായിരിക്കും.

ശ്രീ. കാനം രാജേന്ദ്രൻ: സർ, അങ്ങ് ഇവിടെ പറഞ്ഞപ്പോൾ പ്ലാനിംഗ് ബോർഡിന് ഔദ്യോഗിക അംഗങ്ങളും അനൗദ്യോഗിക അംഗങ്ങളുമുണ്ടെന്നു പറഞ്ഞു. സംസ്ഥാന ഗവൺമെന്റിന്റെ ബഡ്ജറ്റ് നിർദ്ദേശത്തെ, 'മെമ്പർ, പ്ലാനിംഗ് ബോർഡ്' എന്ന പേരുവച്ച് പത്രത്തിൽ പരസ്യമായി ലേഖനമെഴുതി വിമർശിക്കുന്നത് ശരിയാണെന്ന് അങ്ങേയ്ക്ക് അഭിപ്രായമുണ്ടോ?

ശ്രീ. കെ. കരുണാകരൻ: സർ, ഒരു അനൗദ്യോഗിക അംഗം ഈ കാര്യങ്ങളെക്കുറിച്ച് അഭിപ്രായം പറയുന്നതിൽ തെറ്റുണ്ടെന്ന് തോന്നുന്നില്ല. ഔചിത്യം അതാത് ആളുകൾ തീരുമാനിക്കേണ്ടതാണ്.

രണ്ടായിരമാണ്ടിൽ എല്ലാവർക്കും ആരോഗ്യം എന്ന ലക്ഷ്യം

* 117. [119] ശ്രീ. കെ. മുഹമ്മദാലി:
,, കെ. എസ്. നാരായണൻ നമ്പൂതിരി:
,, കെ. സി. ജോസഫ്:
,, കെ. കെ. ശ്രീനിവാസൻ:
,, പന്തളം സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടായിരമാണ്ടിൽ എല്ലാവർക്കും ആരോഗ്യം എന്ന ലക്ഷ്യം നേടാനായി എന്തെല്ലാം പരിപാടികളാണ് സംസ്ഥാന ഗവൺമെന്റ് ആവിഷ്ക്കരിച്ചിട്ടുള്ളത്;

(ബി) ഏഴാം പദ്ധതിക്കാലത്ത് എത്ര ഗവൺമെന്റ് റൂറൽ ഡിസ്പെൻസറികൾ ഉയർത്തി പ്രൈമറിഹെൽത്ത് സെന്ററുകളാക്കാനും പുതിയതായി എത്ര പി. എച്ച്. സെന്ററുകൾ ആരംഭിക്കാനും ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്;

(സി) പ്രൈമറി ഹെൽത്ത് സെന്ററുകളിൽ എന്തെല്ലാം സൗകര്യങ്ങൾ കൂടുതലായി ഏർപ്പെടുത്തുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) ലോകാരോഗ്യ സംഘടന നിർദ്ദേശിച്ച ''രണ്ടായിരമാണ്ടിൽ എല്ലാവർക്കും ആരോഗ്യം'' എന്ന ലക്ഷ്യം പ്രാഥമികാരോഗ്യ

LIBRARY ARCHIVES Kerala Legislative Assembly